# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(ഹാജർ : പ്രിയങ്ക ജി,ഐ.എ.എസ്)**

**ഉത്തരവ് നമ്പർ : WCD/E7/7004/2022** **തീയതി : 15/12/2022**

വിഷയം : വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2022 - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ജി.ഒ. (പി) നം. 03/2017/പി & എ.ആർ.ഡി, തീയതി : 25/02/2017 മറ്റ് അനുബന്ധ സർക്കാർ ഉത്തരവുകളും

2)വനിതാ ശിശുവികസന ഡയറക്ടറുടെ 01/08/2022 ലെ DWCD/2205/2022-E1 നമ്പർ പരിപത്രം

3)വനിത ശിശുവികസന ഡയറക്ടറുടെ 25/10/2022 ലെ ഇതേ നമ്പർ ഉത്തരവ്

വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരിൽ നിന്നും 2022 ലെ പൊതു സ്ഥലംമാറ്റത്തിനായി പരാമർശം (2) പ്രകാരം ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓൺലൈൻ മുഖേന ലഭ്യമായ അപേക്ഷകൾ പരിഗണിച്ചും, ഭരണപരമായ സൗകര്യം കണക്കിലെടുത്തും സ്ഥലം മാറ്റം നൽകുന്നതിനായി ഉത്തരവിന്റെ കരട് രൂപം പരാമർശം (3)പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കരട് സ്ഥലംമാറ്റ ഉത്തരവിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ/പരാതികൾ കൂടി അർഹതാ മാനദണ്ഡ പ്രകാരം പരിഗണിച്ച് ചുവടെ പറയും പ്രകാരം ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലെ ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി.റംലാബി.കെ ഗവ.ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | ഗവ.മഹിളാ മന്ദിരം,പാലക്കാട് | അപേക്ഷ |
| 2 | ശ്രീ.ബിജു.പി.എം ഒബ്സർവേഷൻ ഹോം,എറണാകുളം | ഗവ.ചിൽഡ്രൻസ് ഹോം & സ്പെഷ്യൽ ഹോം തിരുവനന്തപുരം | ഭരണപരം |
| 3 | ശ്രീ.മുഹമ്മദ് അഷ്റഫ്.ഒ.കെ ഗവ.ചിൽഡ്രൻസ് ഹോം(ബോയ്സ് ),കോഴിക്കോട് | ഗവ.ചിൽഡ്രൻസ് ഹോം, (ബോയ്സ് ) തലശ്ശേരി,കണ്ണൂർ | അപേക്ഷ |
| 4 | ശ്രീ.ഹമീദ് പറമ്പത്ത് ഗവ.ചിൽഡ്രൻസ് ഹോം, തൃശ്ശൂർ | ഗവ.ചിൽഡ്രൻസ് ഹോം,കോട്ടയം | ഭരണപരം |

സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ സ്ഥാപന മേധാവിമാർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ /പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും
3. സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്